# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാവൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1357/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/02/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാവൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരാവൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാവൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1357/2021 തീയ്യതി: 05/02/2022

## കണ്ണൂർ ജില്ലയിലെ പേരാവൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പേരാവൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2020 മുതൽ 07-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 06-03-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-11-2021 | 24-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷിജു.എ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിപിന വത്സരാജ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജിജി ജോയ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി. പ്രീത ചെറുവളത്ത് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.പി.ശശീന്ദ്രൻ. | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.മഹേഷ.ജി.കെ. | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.ജോമോൻ പൗലോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഡോണ സ്കറിയ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.നിസമോൾ കെ.പി. | വി.ഇ.ഒ. | 01-04-2019 | 05-07-2019 |
| ശ്രീ.രസിത്ത്.കെ.എം. | വി.ഇ.ഒ. | 06-07-2019 | 31-03-2020 |
| ഡോ.ഗ്രിഫിൻ സുരേന്ദ്രൻ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 01-04-2019 | 31-03-2020 |
| ഡോ.ഗീത.ടി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രസന്ന.എം.വി. | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ശോഭന.എം.വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 25-04-2019 |
| ശ്രീമതി.അമിത.എം.കേളപ്പൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 26-04-2019 | 04-12-2019 |
| ശ്രീമതി.ആശാലത.പി.വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 05-12-2019 | 31-03-2020 |
| ഡോ.ആതിര അശോക് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 08-11-2019 |
| ഡോ.ലിഷമോൾ.കെ.എസ്. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 09-11-2019 | 16-01-2020 |
| ഡോ.വീണ അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 17-01-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pradeep Kumar M (Audit Officer, On 25-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 25-11-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Pradeep Kumar M (Audit Officer, On 25-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 25-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 27-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 02-02-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Pradeep Kumar M (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Pradeep Kumar M (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Pradeep Kumar M (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 02-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shiju A (Asst. Audit Officer, On 27-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 02-02-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 27-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 02-02-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Pradeep Kumar M (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 02-02-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Pradeep Kumar M (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-9 |
| 11 | തൊഴിൽ നികുതി ഈടാക്കാൻ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-11 |
| 13 | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-12 |
| 14 | വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-13 |
| 15 | അനധികൃത കെട്ടിട നിർമ്മാണം, കൂട്ടിച്ചേർക്കൽ നികുതി നഷ്ടം<br>Written By: Albert Jose (Senior Grade Auditor, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-14 |
| 16 | കുടിവെള്ള വിതരണം - രേഖകൾ ലഭ്യമാക്കിയില്ല- 510786/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Pradeep Kumar M (Audit Officer, On 27-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-15 |

| | | |
|---|---|---|
| 17 | പാലിന് സബ്സിഡി-മുഴുവൻ ആനുകൂല്യവും ലഭ്യമാക്കിയില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-16 |
| 18 | മുട്ടക്കോഴി വിതരണം-കോഴിക്കുഞ്ഞുങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തിയില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-17 |
| 19 | പ്രത്യേക കന്നുകുട്ടി പരിപാലനം-കൈപ്പറ്റ് രശീതിയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 02-02-2022) | 1-18 |
| 20 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന ക്ലാസ് - പഠന മികവ് പരിശോധിച്ചിട്ടില്ല<br>Written By: Shiju A (Asst. Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-19 |
| 21 | സ്ട്രീറ്റ് ലൈറ്റ് മെയിൻലൈൻ വലിക്കുന്നതിനുള്ള തുക ഡെപ്പോസിറ്റ് ചെയ്യൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.<br>Written By: Pradeep Kumar M (Audit Officer, On 27-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-20 |
| 22 | ഐ.കെ.എമ്മിന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Pradeep Kumar M (Audit Officer, On 27-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-21 |
| 23 | എടപ്പാറ കോളനി സാംസ്കാരിക കേന്ദ്രം റിപ്പയർ - സ്റ്റീൽ ലേലം ചെയ്തില്ല<br>Written By: Shiju A (Asst. Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-22 |
| 24 | കോട്ട ചുരം പുഴക്കൽ മടപ്പുര റോഡ് കോൺക്രീറ്റ് -അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-23 |
| 25 | കുനിത്തല അങ്കണവാടി കെട്ടിട നിർമ്മാണം -അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pradeep Kumar M (Audit Officer, On 27-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 02-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 27-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 26-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 26-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pradeep Kumar M (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 02-02-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: Pradeep Kumar M (Audit Officer, On 26-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 26-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Pradeep Kumar M (Audit Officer, On 26-11-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 26-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pradeep Kumar M (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 02-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 02-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pradeep Kumar M (Audit Officer, On 27-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 05-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pradeep Kumar M (Audit Officer, On 07-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 02-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ് | |

# ഭാഗം -1

## 1-1 ബജറ്റ്

പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 21-02-2019 തീയതിയിലെ 65/2019 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 09-03-2020 ലെ 52/20 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4795341 | 5452837 |
| വരവ് | 160520375 | 169686000 |
| ആകെ | 165315716 | 175138837 |
| ചെലവ് | 162568575 | 171719575 |
| നീക്കിയിരിപ്പ് | 2747141 | 3419262 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 11-06-2020 | തിരിച്ചയച്ചിട്ടില്ല | -- |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം Total Sanitation Campaign (Code No-320100115) ഇനത്തിൽ

1986441/- രൂപയും Suchithwa Mission Grant (Code No-320200322) ഇനത്തിൽ 316262/- രൂപയും കൂടി ആകെ 2302703/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ പ്രകാരം സിൻഡിക്കേറ്റ് ബാങ്ക് – സാനിറ്റേഷൻ എന്ന ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് 2398761.20/- രൂപയാണ്.

2. ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂൾ പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതമായി 1801922രൂപയും (1000000+551922+250000) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1035339(1035331+8) രൂപയും കൂടി ആകെ 2837261 രൂപ നീക്കിയിരിപ്പുണ്ട്. B17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 2493104 രൂപയാണ് നീക്കിയിരിപ്പുള്ളത്.

3. അസറ്റ് രജിസ്റ്റർ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16617964.82 |
| വരവ് | 51635972 |
| ആകെ | 68253936.82 |
| ചെലവ് | 46858149 |
| നീക്കിയിരിപ്പ് | 21395787.82 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 510786 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12802046 | 12802046 | 11200997 | 1601049 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | | 0 | 1040000 | 1040000 | 737895 | 302105 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 2236294 | 2236294 | 1660698 | 575596 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | | 0 | 11091000 | 11091000 | 2431933 | 8659067 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | | 0 | 4080000 | 4080000 | 2427549 | 1652451 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 9788413 | 9788413 | 3825296 | 5963117 |
| സാക്ഷരത | | 102257 | 7989 | 110246 | 0 | 110246 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | ഗുണഭോക്താക്കൾക്ക് നേരിട്ട നൽകുന്നത് | 0 | 33315119 | 33315119 | 33315119 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 2167 | 1895401 | 1897568 | 1230583 | 666985 |
| ടി.എസ്.സി | | 1906160 | 80281 | 1986441 | 0 | 1986441 |
| ശുചിത്വമിഷൻ | | 316262 | 375000 | 691262 | 375000 | 316262 |
| എം പി ഫണ്ട് | | 10009 | 344 | 10353 | 0 | 10353 |
| ഐ.സി.ഡി.എസ് | | 651539 | 654889 | 1306428 | 963621 | 342807 |
| വിമുക്തി | | 18480 | 0 | 18480 | 15252 | 3228 |
| ഇന്റേണൽ പരിശീലനം, എൽ.എസ്.ജി.ഡി. | | 14194 | 30000 | 44194 | 17097 | 27097 |
| ചിയാക്, ആരോഗ്യ ഇൻഷ്വറൻസ് | | - | 6570 | 6570 | 5900 | 670 |
| അഗതിരഹിത കേരളം | | - | 230616 | 230616 | 230616 | - |
| ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ | | - | 3918420 | 3918420 | 3918420 | - |

ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 77552897 | 104 | 32626717 | 12 | 68 | 53 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 12 | 1837799 | 1156358 | 63 |
| വെറ്റിനറി സർജ്ജൻ | 8 | 8 | 6714500 | 2987202 | 44 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 2 | 1 | 700000 | 501547 | 72 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 2 | 1 | 356000 | 300000 | 84 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 839000 | 800000 | 95 |
| വി ഇ ഒ | 14 | 10 | 16770899 | 8815969 | 53 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 4 | 5154686 | 4283503 | 83 |
| സെക്രട്ടറി | 34 | 22 | 7367467 | 4877561 | 66 |
| ഹെഡ് മാസ്റ്റർ | 9 | 8 | 869800 | 619143 | 71 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 31 | 36001296 | 7699305 | 21 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 941450 | 586129 | 62 |
| ആകെ | 172 | 104 | 77552897 | 32626717 | 42 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2167 | 1895401 | 1897568 | 1230583 | 666985 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 33315119 | 33315119 | 33315119 | 0 |
| | 2167 | 35210520 | 35212687 | 34545702 | 666985 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 53520 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 1162200 | 328 |
| വിധവാപെൻഷൻ | 2927400 | 892 |
| വാർദ്ധക്യകാലപെൻഷൻ | 6291900 | 2028 |
| വികലാംഗപെൻഷൻ | 1059000 | 298 |
| അവിവാഹിത പെൻഷൻ | 321000 | 97 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2021 തീയതിയിൽ 10.40 AM ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1853/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പൊതുവായ പ്രവർത്തനവും നികുതി പിരിവ് പുരോഗതിയും വിലയിരുത്തുകയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തപ്പെടുന്നുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി മിനുട്സുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ചർച്ചചെയ്യപ്പെടുന്നതായി കാണുന്നില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ, കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-10 തൊഴിൽ നികുതി ഈടാക്കാൻ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

1.കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങാവുന്നതുമാണ്

2.കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ-ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം ആവശ്യപ്പെടാവുന്നതാണ്.

3. കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ-ചട്ടം 16 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ, ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

4. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമ നം. 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3-ൽ സൂചിപ്പിച്ച ഫോറം 2-ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

ഈ നടപടിക്രമങ്ങൾ പാലിക്കാത്തതു കൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല, വാടകയിലൂടെ വരുമാനം ആർജ്ജിക്കുന്ന കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ യഥാവിധി പാലിക്കുന്നതിൽ ധനകാര്യ സ്ഥിരം സമിതിയും, പഞ്ചായത്ത് ഭരണ സമിതിയും വീഴ്ച വരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച ചർച്ചകളോ കൂടിയാലോചനകളോ ഓഡിറ്റ് കാലയളവിൽ ഉണ്ടായിട്ടുള്ളതായിട്ടുള്ള രേഖപ്പെടുത്തലുകൾ ധനകാര്യം സ്ഥിരം സമിതി, പഞ്ചായത്ത് ഭരണസമിതി മിനുട്സ് എന്നിവയിൽ കാണുന്നില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ തീരുമാനങ്ങൾ പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് 23.11.2021ന് നൽകിയ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം

ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ പഞ്ചായത്ത് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് 2019-20 വർഷം നോട്ടീസ് കൊടുക്കുകയോ, സ്ഥാപനങ്ങളിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടുകയോ, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സ്റ്റെയ്ൽ മോണ്ട് പബ്ലിക്ക് സ്കൂൾ |
| 2 | സ്വർണ്ണക്കടകൾ<br>നരിക്കുളിൽ ജ്വല്ലേഴ്സ്, എം എസ് ഗോൾഡ് ആൻഡ് ഡയമണ്ട് ,<br>കളത്തിൽ ജ്വല്ലേഴ്സ്, പ്രകാശ് ജ്വല്ലേഴ്സ് |
| 3 | ദ്രൗപദി ടെക്സ്റ്റൈൽസ് |
| 4 | സക്കിന സിൽക്സ് |
| 5 | പുലരി ടെക്സ്റ്റൈൽസ് |
| 6 | സുമംഗലി |
| 7 | ഫാമിലി കളക്ഷൻസ് |
| 8 | വിവ കളക്ഷൻസ് |
| 9 | ബി എസ് എൻ എൽ ടെലിഫോൺ എക്സ്ചേഞ്ച് തൊണ്ടിയിൽ |
| 10 | പേരാവൂർ പെട്രോളിയം |
| 11 | ഭാരത് പെട്രോളിയം |
| 12 | പഴശ്ശിനാട് Indane ഗ്യാസ് ഏജൻസി |
| 13 | വി കെ സ്റ്റോൺ ക്രഷർ |
| 14 | ദിവ്യ ഫൈനാൻസിയേഴ്സ് |
| 15 | ഏബിൾ ഫൈനാൻസിയേഴ്സ് |
| 16 | എ ബി സി ഫൈനാൻസിയേഴ്സ് |
| 17 | മുളക്കൽ ഫൈനാൻസിയേഴ്സ് തൊണ്ടിയിൽ |
| 18 | കെ കെ ബാർ |
| 19 | രാജധാനി റെസ്റ്റോറന്റ് |
| 20 | പീയെം ഹോണ്ട |
| 21 | യമഹാ മോട്ടോർ സൈക്കിൾസ് |
| 22 | കണ്ണാലയിൽ ഇലക്ട്രോണിക്സ് |

| | |
|---|---|
| 23 | റോബിൻസ് ഹോട്ടൽ |
| 24 | ഹൈ വിഷൻ കേബിൾ ടി വി പേരാവൂർ |

ഇത് സംബന്ധിച്ച് 23.11.2021ന് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ കോവിഡ് കാരണം ലോക്ക് ഡൗൺ ആയതിനാൽ ജീവനക്കാർ കുറവ് ആയിരുന്ന എന്നും സ്ഥാപനം പലപ്പോഴും തുറന്ന പ്രവർത്തിക്കാതെയിരുന്നിട്ടുള്ളത് കൊണ്ടാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കാൻ ഭാവിയിൽ നടപടി സ്വീകരിക്കേണ്ടതാണ്. ബി.എസ്.എൻ.എൽ. നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന നികുതിയും കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 1-12 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | മത്തായി വി ഡി |
| 2 | ഷൈജു കെ എം |
| 3 | സന്ദീപ് കെ ജോസ് |
| 4 | അനന്തൻ വി |
| 5 | രവീന്ദ്രൻ കെ |
| 6 | പൈലി സി എം |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2019-20 വർഷം ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 23.11.2021ൽ നൽകിയ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച കരാറുകാരിൽ നിന്നും നിർണ്ണയം നടത്തി തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-13 വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടില്ല

പഞ്ചായത്ത് പ്രദേശത്തെ സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോംപൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമായുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവയ്ക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് സ.ഉ.(അ) നം. നമ്പർ 36/2011 തസ്വഭവ തീ 24-2-2015 പ്രകാരം ഉത്തരവായിരുന്നു. ഉത്തരവ് പ്രകാരമുള്ള നിരക്ക് പഞ്ചായത്ത് നാളിതുവരെ പുതുക്കി നിശ്ചയിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 23.11.2021ന് നൽകിയ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ഇത്തരം സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിൽ ഇല്ലാത്തതിനാലാണ് അപ്രകാരം ചെയ്യാതിരുന്നത് എന്നാണ്. വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ച വിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിക്കേണ്ട ആവശ്യകത ഉണ്ടാവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ആയതിനാൽ ഇത്തരം കെട്ടിടങ്ങൾക്ക് വസ്തു നികുതി നിരക്ക് പുതുക്കി നിശ്ചയിക്കേണ്ടതും വിവരം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-14 അനധികൃത കെട്ടിട നിർമ്മാണം, കൂട്ടിച്ചേർക്കൽ നികുതി നഷ്ടം

കെട്ടിട നിർമ്മാണം/ക്രമവൽക്കരണം രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പല കെട്ടിടങ്ങളിലും കൂട്ടിച്ചേർക്കൽ വരുത്തിയതിന് ശേഷം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് നികുതി പുനർ നിർണ്ണയിക്കാത്തത് നികുതി നഷ്ടത്തിന് കാരണമാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട | ഉടമസ്ഥന്റെ പേര് | തറ | ഈടാക്കുന്ന |
|---|---|---|---|

| നമ്പർ | | വിസ്തീർണ്ണം | നികുതി |
|---|---|---|---|
| 7/232 | കണ്ടമ്പറമ്പിൽ ബിജു ജോസഫ് | താഴത്തെ നില 90.85 ച. മീ | 476 |
| 7/278 | കോഴിക്കാടൻ സന്തോഷ് , ത്രേസ്യ | താഴത്തെ നില- 98.94 ച. മീ | 139 |

കെട്ടിടത്തിൽ കൂട്ടിച്ചേർക്കൽ വരുത്തിയ ശേഷം നികുതി പുനർ നിർണ്ണയിക്കാത്തത് വഴി പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ വരുമാന ചോർച്ച സംഭവിക്കാനിടയുണ്ട്. ഇത്തരം അനധികൃത നിർമ്മാണങ്ങൾ വർഷം തോറും കണ്ടെത്തി ചട്ട പ്രകാരം നികുതി പുനർ നിർണ്ണയം നടത്തി വരുമാന ചോർച്ച തടയുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് 23.11.2021ന് നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച കെട്ടിട ഉടമകൾക്ക് രേഖാമൂലം നോട്ടീസ് നൽകിയിട്ടുണ്ട് എന്നും നികുതി പുനർ നിർണ്ണയം നടത്തി വിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-15 കുടിവെള്ള വിതരണം - രേഖകൾ ലഭ്യമാക്കിയില്ല- 510786/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം- 21900477, തീയതി 07-09-2019, ₹510786

കുടിവെള്ള ക്ഷാമം രൂക്ഷമായ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 10.04.2019 മുതൽ 13.06.2019 വരെ കുടിവെള്ളം വിതരണം നടത്തിയ വകയിൽ ശ്രീ. പ്രശോഭ് സി. ക്ക് 510786/- രൂപ നല്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ). നം-500/2019/തസ്വ.ഭ.വ,തീയതി 02-03-2019 പ്രകാരം കുടിവെള്ളം വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഘടിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ജി.പി.എസ് റീഡിങ്ങ് റിപ്പോർട്ട് ഫയലില്ല. ജി.പി.എസ് സംവിധാനം ഘടിപ്പിച്ച വാഹനത്തിലാണോ കുടിവെള്ളം വിതരണം ചെയ്തത് എന്നും ആണെങ്കിൽ ജി.പി.എസ് റീഡിങ്ങ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (10/22-11-2021) ജി.പി.എസ് സംവിധാനം ഘടിപ്പിച്ച വാഹനത്തിലായിരുന്നു കുടിവെള്ള വിതരണം ചെയ്തതെന്നും എന്നാൽ പ്രസ്തുത സമയത്ത് പഞ്ചായത്തിന്റെ ഉൾഭാഗങ്ങളിൽ പല സ്ഥലങ്ങളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാകാതിരുന്നതിനാൽ ജി.പി.എസ് റീഡിങ്ങ് കിട്ടിയില്ലെന്ന് കരാറുകാരൻ അറിയിച്ചിരുന്നു എന്നുമാണ് 24-11-2021 ലെ എ1/5161/2020 കത്ത് പ്രകാരം സെക്രട്ടറി മറുപടി നല്കിയിട്ടുള്ളത്. എന്നാൽ കരാറുകാരന്റെ കത്ത്, ഇന്റർനെറ്റ് ലഭ്യമായിരുന്ന സ്ഥലങ്ങളിലെ ജി.പി.എസ് റീഡിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിലെ 510786/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 പാലിന് സബ്സിഡി-മുഴുവൻ ആനുകൂല്യവും ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ടിന്റെ നമ്പരും പേരും | 38/20 പാലിന് സബ്സിഡി |
| അടങ്കൽ | ₹700000 വികസനഫണ്ട്<br>₹700000 ജില്ലാപഞ്ചായത്ത് വിഹിതം<br>₹700000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>2100000 |
| ചെലവ് | ₹326819 വികസന ഫണ്ട് BRN 19220552008000926398/10.12.19<br>₹326819 ജില്ലാ പഞ്ചായത്ത് വിഹിതം ചെക്ക് നമ്പർ 1346891/19.12.19<br>₹326819 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെക്ക് നമ്പർ 1110780/19.12.2019 |

മേൽ പദ്ധതി പ്രകാരം 01.04.19 മുതൽ 30.09.19 വരെയുള്ള പാലിന്റെ സബ്സിഡി ഉക (ഗ്രാമപഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ പ്രത്യേകമായി) വിവിധ ക്ഷീര സഹകരണ

